പരമ ഗുരുവരനാം യേശുവേ! നീ

വരം താ പ്രാർത്ഥന ചെയ്തിടാൻ

ഇരുവരോ മൂവരോ തിരുനാമത്തിൽ

വരികിൽ വരുമെന്നരുളിയോനെ

തിരു സാന്നിദ്ധ്യം സദാ നൽകണം

ശരണം നീ മാത്രമെൻ നാഥനേ!

പരമ...1

തിരു മുമ്പിൽ കഴിക്കുന്ന പ്രാർത്ഥനയ്ക്കുത്തരം

അരുളണമേ പ്രിയ നാഥനേ!

മനം നൊന്തു യാചന ചെയ്യുമ്പോഴെല്ലാം

കനിവിൻറെ ഉറവുകൾ തുറന്നവനേ!–2

പരമ...1

ജനം നിന്നിലാനന്ദിച്ചീടുവാനവരിൽ

വീണ്ടും നിൻ ജീവനെ നൽകണേ

മാളികയിൽ തവ ദാസരിൽ നൽകിയ

വരമെങ്ങൾക്കരുളുക ഈ തരുണം–2

പരമ...1

അനവധിയാവശ്യങ്ങൾ തിരുസവിധേ

ഉയർത്തുന്നു വിശ്വാസക്കൈകളാൽ

അശരണരാകുലർ രോഗികളായോർ

കരുണയിൻ കരതലം കണ്ടിടട്ടെ –2

പരമ...2

ഇരുവരോ...

പരമ...2

parama guruvaranaam yeshuve! nee

varam thaa praarĭththana cheythidaanĭ –2

iruvaro moovaro thirunaamatthil

varikil varumennaruliyone

thiru saanniddhyam sadaa nalkanam

sharanam nee maathramen naathane! –2 parama ….1

thiru mumbil kazhikkunna praarththanaykkuttharam

arulaname priya naathane! –2

manam nonthu yaachana cheyyumbozhellaam

kanivinte uravukal thurannavane! –2 parama ….1

janam ninnilaanandiccheeduvaanavaril

veendum nin jeevane nalkane –2

maalikayil thava daasaril nalkiya

varamengalkkaruluka ee tharunam –2 parama ….1

anavadhiyaavashyangal thirusavidhe

uyartthunnu vishvaasakkaikalaal –2

asharanaraakular rogikalaayor

karunayin karathalam kandidatte –2 parama ….2

iruvaro….

parama ….2